LIBRARY ARCHIVES Kerala Legislative Assembly

പോളിടെക്നിക്ക് കോഴ്സുകളുടെ അംഗീകാരം

136 (1213) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ പോളിടെക്നിക്ക് കോഴ്സുകളിൽ ഏതൊക്കെ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകളാണ് കേരള പി.എസ്.സി. അംഗീകരിക്കാത്തത് ;

(ബി) പ്രസ്തുത കോഴ്സുകൾക്ക് പി.എസ്.സി. അംഗീകാരം ലഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) മേൽ സ്ഥാപനങ്ങൾ നടത്തുന്ന കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് & ബിസിനസ് മാനേജ്മെന്റ് എന്ന ത്രിവത്സര എഞ്ചിനീയറിംഗ് കോഴ്സ് പി.എസ്.സി അംഗീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ കോഴ്സുകളുടെ സാദ്ധ്യതകളും പ്രശ്നങ്ങളും പഠിക്കാൻ സർക്കാർ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചുവോ ; സമർപ്പിച്ചുവെങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) കേരളത്തിലെ സർക്കാർ പോളിടെക്നിക്കുകളിൾ നടത്തപ്പെടുന്ന കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് & ബിസിനസ് മാനേജ്മെന്റ് ഉൾപ്പെടെയുള്ള എല്ലാ ത്രിവത്സര ഡിപ്ലോമ കോഴ്സുകളും പി.എസ്.സി. അംഗീകരിച്ചിട്ടുണ്ട്.

(ഡി&ഇ) ഇതുസംബന്ധിച്ച് പഠിക്കാൻ കമ്മീഷനെ & നിയോഗിച്ചിട്ടില്ല.

വൈസ് ചാൻസലർമാരുടെ യോഗ്യത

137 (1214) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിൽ വൈസ് ചാൻസലർ നിയമനത്തിന് യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതകൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത യോഗ്യതയില്ലാത്ത വൈസ് ചാൻസലർമാർ ഉണ്ടോ ; എങ്കിൽ ഏതെല്ലാം സർവ്വകലാശാലകളിൽ ആരെല്ലാം എന്ന് വിശദമാക്കുമോ ; യോഗ്യത സംബന്ധിച്ച് വ്യാജരേഖകൾ സമർപ്പിച്ചവരുണ്ടോ ;

(സി) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നിയമിക്കപ്പെട്ട വൈസ് ചാൻസലർമാരിൽ പിന്നീട് പുറത്താക്കപ്പെട്ടവരുണ്ടോ ; എങ്കിൽ ആരെല്ലാം ; പുറത്താക്കാനുള്ള കാരണങ്ങൾ എന്തെല്ലാം ;

(ഡി) വൈസ് ചാൻസലർമാരായി നിയമിക്കപ്പെട്ടതിനുശേഷം വിവിധ കേസുകളിൽ അന്വേഷണം നേരിടുന്നവരുണ്ടോ ; എങ്കിൽ ആരെല്ലാം ;

(ഇ) നിലവിലെ കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർക്ക് യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതകൾ ഉണ്ടോ ?

ഉത്തരം

(എ) സർവ്വകലാശാല വൈസ്-ചാൻസലർമാരുടെ യോഗ്യത താഴെപ്പറയുന്ന തരത്തിലാവണമെന്നാണ് യു.ജി.സി. നിർദ്ദേശിച്ചിരുന്നത്. " Persons of the highest level of competence, integrity, morals of institutional commitment are to be appointed as Vice-Chancellors. The Vice-Chancellor to be appointed should be a distinguished academician with a minimum of ten years of experience as professor in a University system or ten years of experience in an equivalent position in a reputed research level or academic administrative organization." അദ്ധ്യാപകരുടെയും വൈസ് ചാൻസലർമാരുടെയും മിനിമം യോഗ്യതക്കുള്ള മാർഗ്ഗനിർദ്ദേശമായി ഇത് നിലനിർത്തണമെന്ന് ഇപ്പോൾ യു.ജി.സി. നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാർ, അതാതു സർവ്വകലാശാലകളുടെ നിലവിലുള്ള ചട്ടങ്ങൾ (ആക്ടും, സ്റ്റാറ്റ്യൂട്ടും) അനുസരിച്ച് നിയമിക്കപ്പെട്ടിട്ടുള്ളവരാണ്. നിലവിലുള്ള ചട്ടങ്ങൾ അനുശാസിക്കുന്ന രീതിയിൽ യോഗ്യതയുള്ളവരെത്തന്നെയാണ് വൈസ്-ചാൻസലർമാരായി നിയമിച്ചിട്ടുള്ളത്. എം.ജി. സർവ്വകലാശാല മുൻ വൈസ്-ചാൻസലർ ഡോ. എ. വി. ജോർജ് ബയോഡേറ്റയിൽ തെറ്റായ വിവരം രേഖപ്പെടുത്തിയതായി കണ്ടെത്തിയിരുന്നു.

(സി) ഉണ്ട്. എം.ജി. സർവ്വകലാശാല വൈസ്-ചാൻസലർ ഡോ. എ. വി. ജോർജിനെ പ്രസ്തുത തസ്തികയിൽ നിന്നും നീക്കം ചെയ്തിരുന്നു. സെർച്ച് കമ്മിറ്റിക്ക് സമർപ്പിച്ച ബയോഡേറ്റയിൽ തെറ്റായ വിവരം രേഖപ്പെടുത്തിയതായി കണ്ടെത്തിയതിനെ തുടർന്നാണ് പുറത്താക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കോഴിക്കോട് സർവ്വകലാശാല മുൻ വൈസ്-ചാൻസലർ, ഡോ. എം. അബ്ദുൾസലാം, പ്രോ-വൈസ് ചാൻസലർ പ്രൊഫ. രവീന്ദ്രനാഥ്. കെ എന്നിവർക്ക് എതിരെ വിജിലൻസ് കേസിന് കോടതി ഉത്തരവായിട്ടുണ്ട്.

(ഇ) ഉണ്ട്.

കാലിക്കട്ട് സർവ്വകലാശാല വൈസ്-ചാൻസലർ

138 (1215) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല വൈസ്ചാൻസലർ ആരാണ് ; ഇദ്ദേഹം എവിടെയെല്ലാം ജോലി നോക്കിയിട്ടുണ്ട് ; ഇദ്ദേഹം ഡെപ്യൂട്ടേഷനിൽ ആണോ കാലിക്കറ്റ് സർവ്വകലാശാലയിൽ നിയമിതനായത് ; വിശദാംശം വ്യക്തമാക്കുമോ;

(ബി) കാലിക്കറ്റ് സർവ്വകലാശാലയിൽ വൈസ്ചാൻസലർ തസ്തികയിലേക്ക് എത്ര അപേക്ഷകർ ഉണ്ടായിരുന്നു ; ആയതിൽ ആരുടെയെല്ലാം അപേക്ഷകൾ സ്വീകരിക്കുകയും ബഹു. ഗവർണർക്ക് സമർപ്പിക്കുകയും ചെയ്യുകയുണ്ടായി ; വ്യക്തമാക്കുമോ ;

(സി) നിലവിലെ വൈസ്ചാൻസലർക്ക് യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള യോഗ്യത ഉണ്ടോ ; ഇതുമായി ബന്ധപ്പെട്ട് ബഹു. ഗവർണർ ചീഫ് സെക്രട്ടറിയെ സ്വന്തം വസതിയിൽ വിളിച്ച് അഭിപ്രായം ആരാഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) മുൻ കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ്ചാൻസലർ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിച്ചശേഷം കാലിക്കറ്റ്/കാർഷിക സർവ്വകലാശാലകളിൽ നിന്നും വിവിധയിനങ്ങളിലായി നാളിതുവരെ കൈപ്പറ്റിയ ഉക ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡോ. കെ. മുഹമ്മദ് ബഷീർ. ഇദ്ദേഹം കേരള സർവ്വകലാശാല രജിസ്ട്രാറായിരുന്നു. അതിനുമുമ്പ് സുല്ലമുസ്സല്ലം ആർട്സ് ആന്റ് സയൻസ് കോളേജ് പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1995 മുതൽ പ്രസ്തുത കോളേജിൽ ലക്ചററായി സേവനമനുഷ്ഠിച്ചുവരികയായിരുന്നു. 2005-ലാണ് അദ്ദേഹം പ്രിൻസിപ്പൽ പദവി സ്വീകരിച്ചത്.

(ബി) കാലിക്കട്ട് സർവ്വകലാശാലയിൽ വൈസ് ചാൻസലർ തസ്തികയിലേയ്ക്ക് 92 അപേക്ഷകർ ഉണ്ടായിരുന്നു. അതിൽനിന്നും യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതയുള്ള 36 അപേക്ഷകളാണ് സെർച്ച് കമ്മിറ്റിയ്ക്ക് സമർപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly